ടെണ്ടറിന് മുന്നോടിയായി ഒരു പ്രാഥമിക ഓഫർ നൽകാൻ ഇൻകെലിനോട് ആവശ്യപ്പെടുകയും ഓഫർ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പാരിസ്ഥിതിക ആഘാതപഠനം നടത്തുന്നതിന് കൺസൽട്ടന്റിനെ നിയമിക്കുന്നതിനായി ടെണ്ടർ വിളിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയാർ-ന്റെ നിർമ്മാണ പ്രവർത്തനം

21 (361) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. കെ. എസ്സിന്റെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ചെലവ് എത്രയെന്നറിയിക്കുമോ; ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച കാലതാമസം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) 1. കൊല്ലം ജി.ഐ.എസ്സ്. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള ദർഘാസ് ക്ഷണിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിനായുള്ള അനുമതി ബോർഡിന്റെ പരിഗണനയിലുമാണ്. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി തുക 43.69 കോടി രൂപയാണ്. ഇതിനായി 2 കോടി രൂപ 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. കോഴിക്കോട് ജില്ലയിലെ ഗാന്ധി റോഡ് 110 കെ.വി.ജി.ഐ.എസ്സ്. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തിയോടനുബന്ധിച്ച് നിർദ്ദിഷ്ട സബ്സ്റ്റേഷൻ നിലേക്ക് വെസ്റ്റ് ഹിൽ 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 110 കെ.വി. ലൈൻ ഇടുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ജി.ഐ.എസ്സ്. സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ ALSTOM എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഭരണാനുമതി ലഭിച്ചത് 38.40 കോടി രൂപയാണ്. 2014-15 ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുപ്പോൾ കരാറുകാർ പങ്കെടുക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യേണ്ടിവന്നതിനാലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം ഉണ്ടായത്.

വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം

22 (362) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നിലവിൽ എത്ര ഉണഭോക്താക്കൾ ഉണ്ട് ;

(ബി) വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് നെടുമൺകാവിലോ ഓടനാവട്ടത്തോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 19060 ഉണഭോക്താക്കൾ ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാന വൈദ്യുതി പദ്ധതികൾ

23 (363) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വർഷം ലോഡ്ഷെഡിംഗോ, പവർകട്ടോ ആവശ്യമായി വരുമോ എന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിനാവശ്യമായ ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly